മി. സ്പീക്കർ : ഇന്ന് വെള്ളിയാഴ്ചയായതുകൊണ്ട് വച്ചതാണ്.

ശ്രീ. ഇ.കെ. നായനാർ : 6 വള്ളിയാഴ്ച അവതരിപ്പിച്ചാൽ അതിനെപ്പറ്റി ഒരു റീതിങ്കിംങ് വേണ്ടി വരുമെന്നാണ് ഞാൻ പറയുന്നത്. മറ്റൊന്ന് രണ്ട് ഇഷ്യൂസാണ് പ്രമേയവും ബില്ലുകളും. ഒരാഴ്ച പ്രമേയം വരും, ഒരാഴ്ച ബില്ലു വരും. ഉദാഹരണം, കഴിഞ്ഞതിന്റെ മുൻപിലത്തെ ആഴ്ചയിലെ ബില്ലിൽ രണ്ടു വാക്ക് ബാക്കിയുണ്ട്. രണ്ടുവാക്കേയുള്ളു. ആ ബാക്കി ഇന്നില്ല. ആ ബിൽ പോയി. ഇപ്പോൾ നമ്മളവതരിപ്പിച്ച ഒരു ബില്ലുണ്ട്, കാറ്റിൽ നിന്നും വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച്. അത് പ്രസംഗം കഴിയുമ്പോൾ സമയം കഴിയും. ഒന്നുകിൽ അനുവദിക്കുക, അല്ലെങ്കിൽ ഇന്ന് കൊണ്ടുവരിക. അല്ലാതെ എൻഡ്ലസ്സായിട്ട് പോയിരിക്കുകയാണ്. ഇന്ന് വരുമോയെന്ന് എനിക്കറിയില്ല. വന്നാൽ ഞാൻ റെഡിയാണ്. അതുപോലെ പല ബില്ലുകളും വന്നു. അതിന്റെ മുക്കാൽഭാഗം കഴിഞ്ഞ് കാൽഭാഗം ബാക്കിപോകുന്നു. അത് പൂർത്തിയാക്കണം. പ്രമേയത്തിന്റേത് ഗവൺമെന്റിന്റെ ഭാഗത്ത് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. സ്വീകരിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട ചില മെമ്പർമാർ പറഞ്ഞതുപോലെ നടപടിയെടുക്കുന്ന കാര്യമെടുക്കണം. സ്വീകരിക്കാതിരുന്നാൽ തള്ളി. ആ തരത്തിൽ കൊണ്ടുപോകാൻ കഴിയും. ഇന്ന് 15 സബ്മിഷനുകളുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി പറഞ്ഞത് രണ്ടുകാര്യങ്ങൾക്കും ബാധകമാണ്. ബില്ലുകളുടെ കാര്യം പരിഹരിച്ചാൽത്തന്നെ പ്രമേയങ്ങളുടെ കാര്യവും പരിഹരിക്കപ്പെടും.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് പറഞ്ഞത്, ഈ സഭ കൂടുന്നതിനുമുൻപ് ഗവൺമെന്റിന് ഒരു ധാരണയുണ്ടാകണം. ഗവൺമെന്റ് ബിസിനസ് തീർക്കുന്നത് ഞങ്ങൾകൂടി സഹകരിച്ചാണ്. ചില വെള്ളിയാഴ്ചകൾ അത് ക്യാൻസൽ ചെയ്തിട്ട് ആണ് ഗവൺമെന്റ് ബിസിനസ് വരുന്നത്. അതുവഴി അവകാശങ്ങൾ നിഷേധിക്കപ്പെടും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതിന്മേൽ നടപടിയുണ്ടാകണം.

## IX. റൂളിംഗ്

മി. സ്പീക്കർ : ഒരു കാരണവശാലും വെള്ളിയാഴ്ചകളിൽ ഗവൺമെന്റ് ബിസിനസ് എടുക്കരുതെന്ന് നമ്മൾ തീരുമാനിച്ചാൽ മതി. അതിൽ ബുദ്ധിമുട്ടൊന്നുമില്ല. ഇത്തവണ എടുത്തില്ല. കഴിഞ്ഞതവണ എടുക്കേണ്ടിവന്നു. ഇത്തവണ എടുത്തില്ല. അതു നമ്മൾ തുടർന്നും നടപ്പാക്കണം. മുഖ്യമന്ത്രി പറഞ്ഞ കാര്യം പരിഗണിച്ചുകൊണ്ടുതന്നെ 10 മണി മുതൽ 12.30 മണി വരെയെന്നുള്ള സമയമാണല്ലോ വച്ചിരിക്കുന്നത്. അതെങ്ങനെ നമുക്ക് ഉപയോഗിക്കാൻ കഴിയും? പരമാവധി ഇപ്പോൾ സബ്മിഷന്റെ കാര്യവും വേണമെങ്കിൽ ചുരുക്കാം. എങ്ങനെ പരമാവധി നമുക്ക് ലിസ്റ്റിൽപ്പെട്ട ബിസിനസ്സുകൾ എടുക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഞങ്ങൾ ഈയിടയ്ക്ക് റൂൾസ് കമ്മിറ്റി കൂടിയപ്പോൾ അവിടെ വന്ന ഒരുകാര്യമാണ്. ഒന്നുരണ്ടുതവണ ഞങ്ങൾ കൂടി. അതിന്റെ ചർച്ച തുടങ്ങിയതേയുള്ളു. അതുകൊണ്ടാണ് ഇവിടെ അറിയിക്കാതിരുന്നത്. വെള്ളിയാഴ്ചകൾ പ്രൈവറ്റ് മെമ്പേഴ്സ് ഡേ എന്ന നിലയിൽ ആണ് ഇപ്പോൾ വച്ചിരിക്കുന്നത്. വെള്ളിയാഴ്ച എന്നതുമാറ്റി മറ്റൊരു ദിവസം, അതായത് വെള്ളിയാഴ്ചയല്ലാത്ത മറ്റൊരു ദിവസം (മറ്റു നാലു ദിവസങ്ങളുണ്ടല്ലോ) പ്രൈവറ്റ് മെമ്പേഴ്സ് ഡേയാക്കുക. വെള്ളിയാഴ്ച മറ്റു ബിസിനസ്സുകൾ വയ്ക്കുക. ആ രൂപത്തിൽ ഒരു മാറ്റം വരുത്തിയാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് മെമ്പേഴ്സ് ഡേ ഫലപ്രദമാകും. ഏറ്റവും നല്ല ഒരു നിർദ്ദേശമാണത്. പക്ഷെ അത് നമ്മൾ ഗൗരവമായി ആലോചിക്കണം. നമ്മൾ എല്ലാം കൂടിയിരുന്ന് (നമുക്ക് ലീഡേഴ്സ് മീറ്റിംഗും ബി.എ.സി.യുമെല്ലാം കൂടിയിരുന്ന്) ചർച്ച ചെയ്ത് ഭാവിയിൽ ആ കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാം. ഇപ്പോൾതന്നെ 15 മിനിറ്റു പോയി. അതുകൊണ്ട് ബിസിനസിലേക്ക് കടക്കുകയാണ്.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 28-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## X. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (1) 1998-ലെ കേരള കൽമട തൊഴിലാളികൾ (ജോലി സ്ഥിരത ഉറപ്പു നൽകലും സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും പൊതുനൻമാ ധനസഞ്ചയം രൂപീകരിക്കലും) ബിൽ†

ശ്രീ. വി. ബാലറാം : 1998-ലെ കേരള കൽമട തൊഴിലാളികൾ (ജോലി സ്ഥിരത ഉറപ്പുനൽകലും സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും പൊതു നന്മധനസഞ്ചയം രൂപീകരിക്കലും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി : പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു.

ശ്രീ. വി. ബാലറാം : നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് മൂന്നു ലക്ഷത്തോളം കൽമട തൊഴിലാളികളുണ്ടെന്നാണ് ഏകദേശ കണക്ക്. കൽമട എന്നുപറയുമ്പോൾ കരിങ്കൽ ക്വാറികളും അതുപോലെ നാടൻ കല്ലുകൾ ഖനനം ചെയ്യുന്ന ക്വാറികളും ഉൾപ്പെടുന്നതാണ്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ലൈസൻസുള്ള കരിങ്കൽ ക്വാറികളും ലൈസൻസില്ലാത്ത കരിങ്കൽ ക്വാറികളുമുണ്ട്. അതിന്റെ യഥാർത്ഥത്തിലുള്ള കണക്ക് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ കൈയിൽ പോലുമുണ്ടോ എന്നുള്ളകാര്യം സംശയമാണ്. ലൈസൻസുള്ള ക്വാറികളിൽ നിന്നും ലൈസൻസില്ലാത്ത ക്വാറികളിൽ നിന്നും ഇപ്പോൾ കരിങ്കല്ലും പാറയും പൊട്ടിക്കുന്നുണ്ട്. ഇങ്ങനെ പാറ പൊട്ടിക്കുന്ന മൂന്നുലക്ഷത്തോളം വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ... നമ്മുടെ തീരദേശമൊഴിച്ച് ഒട്ടുമിക്ക സ്ഥലങ്ങളിലും പാറകളുണ്ട്. അതിൽതന്നെ ഫോറസ്റ്റ് ക്വാറികളുമുണ്ട്, സ്വകാര്യ ക്വാറികളുമുണ്ട്. ഫോറസ്റ്റ് ക്വാറികൾക്ക് ഇപ്പോൾ ചില നിബന്ധനകൾ വന്നു. അവിടെ പാറവെട്ടുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. വെട്ടുകല്ലിനെ സംബന്ധിച്ചാണെങ്കിലും കരിങ്കല്ലിനെ സംബന്ധിച്ചാണെങ്കിലും നമുക്കറിയാം. നമ്മുടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കുന്ന ഒരു അസംസ്കൃത വസ്തുവാണത്. അങ്ങനെ പ്രകൃതി നൽകിയിട്ടുള്ള വസ്തു ഖനനം ചെയ്യുകയും, വെട്ടുകല്ല് വെട്ടിയെടുക്കുകയും, ചില്ല് നിർമ്മിക്കുകയും, വാഹനങ്ങളിൽ കയറ്റുകയും ചെയ്യുന്ന ഏതാണ്ട് മൂന്നു ലക്ഷത്തോളം വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി പരമദയനീയമാണ്. അവരെ

† അനുബന്ധം - VI



LIBRARY ARCHIVES Kerala Legislative Assembly